# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2368 20.06.2012 - ൽ മറുപടിക്ക്

**പന്തളം ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ** | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) **പന്തളം ശുദ്ധജല വിതരണ പദ്ധതിയുടെ പൂർത്തീകരണത്തിനായി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം അറിയിക്കുമോ:** <br><br> (ബി) **പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദ്ദേശം നൽകുമോ ?** | (എ) & (ബി) | പന്തളം ശുദ്ധജലവിതരണ പദ്ധതിയുടെ നിലവിലുള്ള ഭരണാനുമതി തുക 1372.27 ലക്ഷം രൂപയാണ്. പ്രസ്തുത പദ്ധതി നാല് പാക്കേജുകളായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ ഡി.ഐ.പമ്പിംഗ് മെയിനും ഡി.ഐ.വിതരണ ശൃംഖലയും ഉൾപ്പെട്ട പാക്കേജ് -2 ഒഴിച്ചുള്ള പ്രധാന പണികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിന്റെ പ്രവൃത്തി നാല് പ്രാവശ്യം ടെൻണ്ടർ ചെയ്തെങ്കിലും അനുമതി നൽകാൻ സാധിച്ചിട്ടില്ല. പ്രസ്തുത പാക്കേജും കൂടി പൂർത്തീകരിച്ചെങ്കിൽ മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിക്കുവേണ്ടി ഇപ്പോൾ ചിലവായ തുക 1087.60 ലക്ഷം രൂപയാണ്. നിലവിലുള്ള ഭരണാനുമതി തുക പാക്കേജ് രണ്ടിന്റെ പ്രവൃത്തികൾ ചെയ്യുവാൻ പര്യാപ്തമല്ല. പാക്കേജ് 2-ന്റെ പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യണമെങ്കിൽ പ്രസ്തുത പദ്ധതിക്ക് 2232.52 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റിയിൽ സൂക്ഷ്മ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ